Appendix

QUESTIONS AND ANSWERS LAID ON THE TABLE

(The numbers within brackets indicate the serial numbers in the lists of admitted questions for the respective dates to which the questions were posted).

Questions posted for Answer on 21—10—1950

ഉദ്യോഗസ്ഥന്മാക്ക് സഞ്ചാരപ്പടി

*൧൦൫൮. (൮൫) ശ്രീ. കോന്നനാത്തു കണ്ണിരാമൻനായർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി നല്കുമോ.—

വില്ലേജ് ഉദ്യോഗസ്ഥന്മാക്ക്, ഡ്യൂട്ടിയായി താലൂക്ക ഹെഡ്കചാർട്ടേഴ്സിൽ വരുന്ന സന്ദർഭങ്ങളിൽ, വഴിച്ചെലവിനു ബത്ത കൊടുക്കുക എന്ന സമ്പ്രദായം ഐക്യസംസ്ഥാന ഗവണ്മെണ്ടു തീരെ നിർത്തൽ ചെയ്തിട്ടുണ്ടോ ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഉണ്ട്.

പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്ക് വരുത്തിയ ലോറികൾ

*൧൦൫൯. (൮൯) ശ്രീ. വി. കെ. വല്ലീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശ്രീ. പാത്ഥസാരഥി അയ്യങ്കാർ ഐ. ജി. ആയിരുന്ന കാലത്തു് പോലീസ് ഡിപ്പാർട്ടുമെണ്ടിലേക്കു് എത്ര ലോറികൾ വരുത്തി എന്നും അതിൽ എത്ര എണ്ണം ഇപ്പോൾ ഉപയോഗത്തിൽ ഇരിക്കുന്നു എന്നും ചീഫ് മിനിസ്റ്റർ മറുപടി പറയുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): വരുത്തിയ ലോറികളുടെ എണ്ണം ൧൫, ഉപയോഗത്തിൽ ഇരിക്കുന്നവ ൧൦.

ക്ഷേത്ര നശീകരണങ്ങൾ

*൧൦൫൭. (൫൨) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) ൧. ശബരിമലക്ഷേത്രം തീവച്ചുനശിപ്പിച്ചതു് എന്നാണു്;

---

*The answers herein published are in respect of questions which were included in the lists for previous days of the session but for which answers were not ready on the respective days and were furnished subsequently. Such answers together with the questions to which they relate were laid on the table on this date.

LIBRARY ARCHIVES Kerala Legislative Assembly

ഉ. ടി സംഭവസ്ഥലം ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ നേരിട്ട് കാണുകയുണ്ടായോ;

ങ. ടി കൃത്യം ചെയ്യുവരെ ഉടനടി വെളിച്ചത്തു കൊണ്ടുവരുന്നതാണെന്നുള്ള ഒരു പ്രസ്താവന ചീഫ് മിനിസ്റ്റർ ചെയ്യിട്ടുണ്ടോ;

ര. ശബരിമല കേസന്വേഷണത്തിനു് ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെ; അദ്ദേഹത്തിന്റെ ശമ്പളം എത്ര;

(ബി) ശബരിമല ക്ഷേത്രസംഭവത്തെ തുടർന്നു എത്ര ക്ഷേത്രങ്ങളിൽ അക്രമണങ്ങൾ നടന്നിട്ടുണ്ടെന്നും, അതെവിടെയെല്ലാമെന്നും ദയവായി പറയുമോ;

(സി) ഏതെല്ലാം ക്ഷേത്രങ്ങളിൽ അക്രമണം നടത്തിയിട്ടുള്ള കക്ഷികളെ അറസ്റ്റു ചെയ്യിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ക. ഫൻ ഒ ക്ഷൺ ക്ഷ-ാംന-യാണു് ക്ഷേത്രത്തിനു നാശം സംഭവിച്ചതായി കണ്ടതു്.

ഉ. ഉണ്ടു്.

ങ. കഴിയുന്ന വേഗത്തിൽ വെളിച്ചത്തുകൊണ്ടുവരുന്നതാണു് എന്നു് പറഞ്ഞിട്ടുണ്ടു്.

ര. ഉണ്ടു്. ശ്രീ. കെ. കേശവമേനോൻ. അദ്ദേഹത്തിന്റെ ശമ്പളം ഒൻ ര്ക. വുണ്യാണു്.

(ബി) ൻ ക്ഷേത്രങ്ങളിൽ. അവ താഴെ പറയുന്നവയാകുന്നു.

ക. അരനാട്ട ശാസ്താംകോവിൽ, തിരുവട്ടാർ.
ഖ. മാംകടി ശാസ്താക്ഷേത്രം, നേമം.
ങ. പള്ളിക്കുന്നു ക്ഷേത്രം, ആറന്മുള.
ര. പള്ളിക്കണക്കക്ഷേത്രം, കായംകുളം.
ഘ. ശിവക്ഷേത്രം, ചിറക്കടവു്, കാഞ്ഞിരപ്പള്ളി.
ന. ഭഗവതി ക്ഷേത്രം തെക്കേമഠാടി, മൂവാറ്റുപുഴ.
ച. കന്നഡ്ഗേരികാവുക്ഷേത്രം, കടുത്തുരുത്തി, ഏറ്റുമാനൂർ.
വ. കീരിക്കാട്ട ഭഗവതിക്ഷേത്രം, തൊടുപുഴ.
ൻ. എരിഞ്ഞോടം ക്ഷേത്രം, പെരുമ്പാവൂർ.

(സി) മേല്പറഞ്ഞ ക, ഖ, ങ, ന, എന്നീ ക്ഷേത്രങ്ങളിൽ അക്രമണം നടത്തിയിട്ടുള്ള കക്ഷികളെ അറസ്റ്റു ചെയ്യിട്ടുണ്ടു്.

ഹൈക്കോട്ട് സന്നതു്

*ക ഠ ച. (ന്യന) ശ്രീ. കെ. കെ. കേശവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി യൂണിയനിൽ അഭിഭാഷകന്മാരുടെ ഇടയിൽ പ്ലീഡർ, വക്കീൽ അഡ്വക്കേറ്റു് എന്നീ വകഭേദങ്ങൾ ഇല്ലാതാക്കുകയും അവക്കെല്ലാം ഹൈക്കോട്ട് സന്നതു് എടുക്കാവുന്ന പദ്ധതി ഇതേവരെ നടപ്പിൽ വരാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(ബി) മദിരാശി സംസ്ഥാനത്തിൽ ഈ സമ്പ്രദായം നടപ്പാക്കീട്ടു എതാണ്ടു് ഒരു കൊല്ലത്തോളമായി എന്നു് ഗവൺമെണ്ടിനു് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly